**പതിനാലാം കേരള നിയമസഭ**

**<u>രണ്ടാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2625</u>** **<u>17.10.2016 ൽ മറുപടിയ്ക്ക്</u>**

## <u>അസിസ്റ്റന്റ് തസ്തികയുടെ എൻട്രി കേഡറിൽ തസ്തികമാറ്റം</u>

**<u>ചോദ്യം</u>**

ശ്രീ.ഷാഫി പറമ്പിൽ

**<u>ഉത്തരം</u>**

ശ്രീ.പിണറായി വിജയൻ
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | 28.02.2011-ലെ GO(P)No.65/2011/GAD എന്ന സ്പെഷ്യൽ റൂൾ ഭേദഗതി പ്രകാരം, 25.03.2006 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച കമ്പ്യൂട്ടർ അസിസ്റ്റന്റ്/സി.എ.മാരുടെ തസ്തിക മാറ്റത്തിനായി അസിസ്റ്റന്റ് തസ്തികയുടെ എൻട്രി കേഡറിൽ 20% നീക്കിവയ്ക്കണമെന്ന ചട്ടം പൊതുഭരണ വകുപ്പിൽ പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. തസ്തികമാറ്റം വഴിയും അസിസ്റ്റന്റ് ട്രെയിനി നിയമനം വഴിയുമായി അസിസ്റ്റന്റ് എൻട്രി കേഡറിൽ 20% ഒഴിവുകൾ നീക്കിവച്ചിട്ടുണ്ട്. |
| (ബി) | 25.03.2006-ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചവരും അസിസ്റ്റന്റ് ട്രെയിനിയായവരുമായ സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ്/സി.എ.മാരെ പ്രസ്തുത 20 ശതമാനത്തിൽ ഉൾപ്പെടുത്തണമെന്ന് സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (ബി) | സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ ടൈപ്പിസ്റ്റ് / സി.എ തസ്തികയിൽ നിന്നുള്ള തസ്തികമാറ്റം സംബന്ധിച്ച് 17.03.2007-ൽ പുറപ്പെടുവിച്ച സ.ഉ (പി) നം. 199/07/പൊഭവ ഉത്തരവിൽ 25.03.2006 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ചതും 6 വർഷം പൂർത്തിയാക്കിയതുമായ ടൈപ്പിസ്റ്റ്/ സി.എ മാർക്ക് നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം അസിസ്റ്റന്റ് (എൻട്രി കേഡർ) തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകാവുന്നതാണെന്നും 25.03.2006-ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ടൈപ്പിസ്റ്റ്/ സി.എ മാരിൽ അവസാനത്തെ ആളും സെക്ഷൻ ഓഫീസർ ആകുന്നതുവരെ നിലവിലുള്ള സെക്ഷൻ ഓഫീസർ തസ്തികമാറ്റം നിയമനം തുടരാവുന്നതാണെന്നും 25.03.2006 നോ അതിന് |

| | | | |
|---|---|---|---|
| | | | ശേഷമോ ടൈപ്പിസ്റ്റ്/ സി.എ ആയി സർവ്വീസിൽ പ്രവേശിച്ചവർക്ക്, 4 വർഷം പൂർത്തിയാകുമ്പോൾ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം അസിസ്റ്റന്റ് എൻട്രി കേഡർ തസ്തികയുടെ 20% ഒഴിവുകളിൽ 2:1 അനുപാതത്തിൽ നിയമനം നൽകാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. അസിസ്റ്റന്റ് ട്രെയിനി ആയി നിയമിതരാകുന്നവർ അസിസ്റ്റന്റ് കേഡർ തസ്തികയിൽ ഒഴിവുള്ളിടത്താണ് നിയമിക്കപ്പെടുന്നത്. അതായത് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളാണ് ഇവരുടെ നിയമനം വഴി നികത്തപ്പെടുന്നത്. ഈ സാഹചര്യത്തിൽ തസ്തികമാറ്റം വഴി അസിസ്റ്റന്റ് കേഡറിലേക്ക് മാറുന്ന ജീവനക്കാരുടെ എണ്ണം കണക്കാക്കുമ്പോൾ അസിസ്റ്റന്റ് ട്രെയിനി തസ്തികയും കണക്കിലെടുക്കേണ്ടതുണ്ട്. |
| (സി) | നിലവിൽ സ്പെഷ്യൽ റൂൾ പ്രകാരം സെലക്ഷൻ ഗ്രേഡിലുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ്മാർക്കും/സി.എ.മാർക്കും അസിസ്റ്റന്റ് തസ്തികയുടെ എൻട്രി കേഡറിൽ തസ്തികമാറ്റത്തിന് അർഹതയുണ്ടോ എന്ന് അറിയിക്കുമോ; | (സി) | സ്പെഷ്യൽ റൂൾ പ്രകാരം അർഹതയില്ല. |
| (ഡി) | 25.03.2006-ന് ശേഷം സർവ്വീസിൽ പ്രവേശിച്ച കമ്പ്യൂട്ടർ അസിസ്റ്റന്റ്മാർക്കും/സി.എ.മാർക്കും അസിസ്റ്റന്റ് തസ്തികയുടെ എൻട്രി കേഡറിൽ 20% തസ്തികമാറ്റം ഉത്തരവ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) & (ഇ) | കമ്പ്യൂട്ടർ അസിസ്റ്റന്റ് വിഭാഗത്തിന് തസ്തികമാറ്റ നിയമനത്തിനും അസിസ്റ്റന്റ് ട്രെയിനി നിയമനത്തിനുമായി അസിസ്റ്റന്റ് എൻട്രി കേഡറിൽ 50 ഒഴിവുകൾക്ക് അർഹതയുണ്ട്. 37 പേർ തസ്തികമാറ്റം വഴിയും 7 പേർ അസിസ്റ്റന്റ് ട്രെയിനിയായും നിലവിലുണ്ട്. ബാക്കിയുള്ളവർക്ക് നിയമനം നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ഇ) | 25.03.2006-ന് ശേഷം സർവ്വീസിൽ പ്രവേശിച്ച പൊതുഭരണ വകുപ്പിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ്മാർക്ക് സ്പെഷ്യൽ റൂൾ പ്രകാരം അസിസ്റ്റന്റ് തസ്തികയുടെ എൻട്രി കേഡറിൽ എത്ര തസ്തികയിലേക്കാണ് തസ്തികമാറ്റം നൽകേണ്ടത്; 25.03.2006-ന് ശേഷം സർവ്വീസിൽ പ്രവേശിച്ച കമ്പ്യൂട്ടർ അസിസ്റ്റന്റ്മാരിൽ നിന്ന് തസ്തികമാറ്റം ലഭിച്ച എത്രപേർ അസിസ്റ്റന്റിന്റെ | | |

| | | | |
|---|---|---|---|
| | എൻട്രി കേഡറിൽ ജോലി ചെയ്യുന്നുണ്ട്; ഇനി എത്ര കമ്പ്യൂട്ടർ അസിസ്റ്റന്റുമാർക്ക് അസിസ്റ്റന്റിന്റെ എൻട്രി കേഡറിൽ തസ്തികമാറ്റം നൽകാനുണ്ട്? | | |

Rasmi PD

സെക്ഷൻ ആഫീസർ